➯ നമുക്ക് രണ്ടു കാലത്തുള്ള മഴക്കാലവർഷങ്ങളാണുള്ളത് ➯

# ചെന്നൈ ദുരന്തം:
# കേരളം കാണേണ്ട സൂചനകൾ

ചെന്നൈ അനുഭവത്തിൽ നിന്നും, പരിസ്ഥിതിയും കലാവസ്ഥയും ചരിത്രവും സംസ്കാരവും പരിഗണിക്കാതെയുള്ള നഗരാസൂത്രണം കേരളത്തെ സമാന ദുരന്തത്തിലേക്ക് എത്തിക്കാൻ പോകുന്നത് എങ്ങനെയെന്ന് വിശദമാക്കുന്നു.

ഡോ. എം. അമൃത്

**ചെന്നൈ** ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ പാരിസ്ഥിതിക പൊതുബോധത്തിനെക്കുറിച്ചും കേരളത്തിന്റെതായ പാരിസ്ഥിതിക പരിമിതികളെ സംബന്ധിച്ചും ചില നിരീക്ഷണങ്ങൾ പങ്കുവയ്ക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ഇതിൽ നഗരാസൂത്രണം അതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക-രാഷ്ട്രീയ ഇരട്ടത്താപ്പുകൾ തുടങ്ങിയ ഒട്ടേറെ കാര്യങ്ങളുണ്ട്. നമുക്കവ ഓരോന്നായി പരിശോധിക്കാം.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പാരിസ്ഥിതിക സാംസ്കാരിക പശ്ചാത്തലത്തെ രൂപപ്പെടുത്തുന്ന സജീവ സ്വാധീനങ്ങളാണ് കാലവർഷം, ഭൂപ്രകൃതി, അതിനോട് പാരസ്പര്യത്തിലുള്ള പ്രാദേശിക സമൂഹങ്ങൾ എന്നിവ. ഇതിൽ ആദ്യം നമ്മുടെ മഴയുടെ, കാലവർഷത്തിന്റെ പ്രക്രിയയെ (മെക്കാനിസത്തെ) പരിഗണിക്കാം. നമുക്ക് രണ്ടു കാലത്തുള്ള മഴക്കാലവർഷങ്ങളാണുള്ളത്. ഇടവപ്പാതിയും തുലാവർഷവും. ഇടവപ്പാതി തെക്ക്പടിഞ്ഞാറൻ കാലവർഷമാണ്. അതിന്റെ ഒരു ശാഖ കേരളത്തിലുടനീളമുള്ള പശ്ചിമതീരം മുതൽ അങ്ങ് വടക്ക് ഗുജറാത്ത് വരെ തെക്കുവടക്ക് ദിശയിൽ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചരിവിൽ മഴ പെയ്യുന്നു. ഈമഴയുടെ പ്രഭാവം സമീപപ്രദേശങ്ങളിലും ഇടവിട്ട മഴകൾക്ക് കാരണമാകുന്നു. അതിന്റെ മറ്റൊരു ശാഖ കന്യാകുമാരി മുനമ്പിനും തെക്ക് വഴി ബംഗാൾ ഉൾക്കടലിന്റെ അരികിലൂടെ ഇന്ത്യയുടെ വടക്ക്പടിഞ്ഞാറൻ പ്രദേശങ്ങളിലും ബംഗ്ലാദേശിലുമൊക്കെ മഴയ്ക്ക് കാരണമാകുന്നു. മൂന്നോളം മാസത്തെ കനത്ത മഴയ്ക്ക് ശേഷം തെക്ക്പടിഞ്ഞാറൻ കാലവർഷം പിൻവാങ്ങുന്നു. സെപ്തംബർ, ഒക്ടോബർ മാസങ്ങൾ കഴിഞ്ഞ് ഈ കാറ്റ് തിരിച്ചു വീശുമ്പോൾ അത് കൊണ്ടു വരുന്ന മഴയാണ് തുലാവർഷമായി നമുക്ക് പെയ്യുന്നത്. പശ്ചിമഘട്ടത്തിന്റെ കിഴക്ക് ഭാഗത്ത്, തമിഴ്നാട്ടിലാണ് തുലാവർഷം കൂടുതൽ പെയ്യുക. പശ്ചിമഘട്ടത്തിന്റെ ഉയരം കുറഞ്ഞ തെക്കൻ ഭാഗങ്ങളിൽ, കൊല്ലം, തിരുവനന്തപുരം ഭാഗങ്ങളിലും തുലാവർഷത്തിൽ കൂടുതൽ മഴ ലഭിക്കും. തിരുവനന്തപുരം ഭാഗത്തൊക്കെ, ഇടവപ്പാതിയുടെ അത്രയോ അതിൽ കൂടുതലോ ഈ തുലാവർഷ കാലത്താണ് പെയ്യാറ്.

വർഷപാതത്തിന്റെ ഒരു ഗ്രാഫ് വരച്ചാൽ ജൂൺ, ജൂലൈ, ആഗസ്റ്റു മാസങ്ങളിൽ കണ്ണൂർ, വയനാട് ഭാഗത്തൊക്കെ ഏറ്റവും കൂടുതൽ മഴപെയ്യുന്നതായി കാണാം. ഇവിടങ്ങളിൽ ഗ്രാഫിന് ഒരു ഉച്ചാവസ്ഥയെ (പീക്ക്) ഉണ്ടാവുകയുള്ളൂ, അതിനാൽ യുനിമോഡൽ ഗ്രാ

ഫ് എന്നാണതിനെ പറയുക. അതായത് ഗ്രാഫിൽ മഴയ്ക്ക് ജൂലൈ ആഗസ്റ്റ് മാസങ്ങളിലായിട്ട് ഒരു പീക്ക് സീസണേ ഉണ്ടാവുകയുള്ളൂ. കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ, തിരുവനന്തപുരം ഭാഗത്തൊക്കെ പക്ഷേ ഗ്രാഫ് ബൈ മോഡലാവും. രണ്ട് ഉച്ചാവസ്ഥ (പീക്ക്) ഉണ്ടാവും. ആഗസ്റ്റ് മാസത്തിലൊക്കെയുള്ള മഴയോടൊപ്പമോ അതിൽ കൂടുതലോ തുലാവർഷ കാലത്ത് മഴ ഇവിടങ്ങളിൽ ലഭിക്കും.

ബംഗാൾ ഉൾക്കടലിൽ രൂപം കൊള്ളുന്ന ന്യൂനമർദ്ദം മുഖേന ലഭിക്കുന്ന മഴയ്ക്ക്, തുലാവർഷത്തേക്കാളും പ്രാധാന്യം ഈയിടെയായിട്ടു കൂടിയിട്ടുണ്ട്. കാലാവസ്ഥാ പ്രവചനവുമായി ബന്ധപ്പെട്ട് ഇതിനെക്കുറിച്ച് മറ്റൊരു അഭിപ്രായമുണ്ട്. തുലാവർഷം എന്ന് നമ്മൾ വിളിക്കുന്നത് ബംഗാൾ ഉൾക്കടലിൽ ഒക്ടോബർ-നവംബർ മാസങ്ങളിൽ രൂപം കൊള്ളുന്ന ഒട്ടനേകം ന്യൂനമർദ്ദങ്ങളുടെ ഫലമായി പെയ്യുന്ന മഴയെ തന്നെയാണ് എന്നാണ് അത്. ഇത്തവണ ചെന്നൈ നഗരത്തിൽ വെള്ളക്കെട്ട് കൊണ്ടുള്ള ദുരിതങ്ങളും, കഷ്ടനഷ്ടങ്ങളും, വൻദുരന്തത്തിന്റെ അളവിൽ എത്താനുള്ള കാരണമെന്തൊക്കെയാവും എന്നന്വേഷിക്കാം.

കാലാവസ്ഥയിലും പ്രകൃതിയിലെ മറ്റേതൊരു പ്രതിഭാസത്തെയും പോലെ ഒരു ചാക്രികത ഉണ്ട് (സൈക്ലിസിറ്റി). പത്തോ അറുപതോ വർഷത്തിലൊരിക്കൽ അസാധാരണ കാലാവസ്ഥാ സ്ഥിതിവിശേഷങ്ങൾ ആവർത്തിക്കാറുണ്ട്. പെരുമഴയുടെയോ വരൾച്ചയുടെയോ രൂപത്തിൽ അത് ചാക്രികമായി ആവർത്തിക്കുന്നുണ്ടാവാം. നമുക്കറിയുന്നതിൽവച്ച് ഏറ്റവും കൂടിയ മഴയാണ് ചെന്നൈയിൽ നവംബർ ഡിസംബർ മാസങ്ങളിൽ പെയ്തിട്ടുള്ളത്. അതൊരു ചാക്രികത ആവാം. ഈ ചാക്രികതകൾ സങ്കീർണ്ണമായ, വിവിധങ്ങളായ കാലാവസ്ഥാ ഘടകങ്ങളുടെ പാരസ്പര്യത്തിലൂടെ ഉണ്ടാകുന്നതാണ്. ഒരുപക്ഷെ ഇത്തരത്തിലുള്ള ചാക്രികതകളെ ഇപ്പോൾ പറഞ്ഞുവരുന്ന കാലാവസ്ഥാ മാറ്റങ്ങൾ സ്വാധീനിക്കുന്നുണ്ടാവാം. പക്ഷെ വസ്തുനിഷ്ഠമായി തീർത്തുപറയാവുന്ന തരത്തിൽ കാരണങ്ങൾ ഇന്നതൊക്കെയാണെന്ന് പൂർണ്ണമായി തെളിയിക്കപ്പെട്ടിട്ടില്ല. തമിഴ്നാടിന്റെ ഭൂപ്രകൃതി ഇത്തരത്തിലുള്ള പ്രതിഭാസങ്ങളെ എങ്ങിനെയാണ് നേരിട്ടുവന്നിരുന്നത് എന്ന കാര്യം കൂടി നാം പരിഗണിക്കേണ്ടതുണ്ട്.

കേരളത്തിൽ നിന്ന് വിഭിന്നമായി തമിഴ്നാടിന്റെ സമതലത്തിന്റെ ചരിവ് (ഗ്രേഡിയന്റ്) വളരെ കുറവാണ്. പശ്ചിമഘട്ടത്തിന്റെ ശിഖരരേഖ (ക്രസ്റ്റ് ലൈൻ) മുതൽ അറബിക്കടൽ വരെ ഒരു നാൽപത് കിലോമീറ്റർ മാത്രമേ നമുക്ക് കേരളത്തിൽ ആകാശ ദൂരം ഉണ്ടാവുകയുള്ളൂ. സമുദ്രനിരപ്പിൽനിന്ന് 2000 മീറ്റർ മുതൽ പൂജ്യം വരെ നമുക്ക് ഗ്രേഡിയന്റ് ഉണ്ട്. കൂടിയ ചെരിവാണ് നമ്മുടേത്. തമിഴ്നാട്ടിന്റെയാണെങ്കിൽ വളരെ കുറഞ്ഞ ചെരിവാണ്. വെള്ളത്തിന്റെ ഒഴുകിപ്പോവലിനെ പല രീതിയിൽ ഇത് സ്വാധീനിക്കും. വേഗത കുറയും. അത് സ്വീകരിക്കുന്ന വഴികൾ വളഞ്ഞുപുളഞ്ഞതാവും. ഒമ്പതോ പത്തോ നൂറ്റാണ്ടു മുൻപ് മുതൽ ജലസേചനത്തിന് വെള്ളം ശേഖരിക്കാൻ ചെറു അണകൾ (ചെക്ക് ഡാമുകൾ) കെട്ടുന്ന, 'ഏരി' എന്ന പരമ്പരാഗത വ്യവസ്ഥ തമിഴ്നാട്ടിലുണ്ട്. അതിന്റെ മേൽനോട്ടത്തിനുള്ള സാമൂഹ്യവ്യവസ്ഥയും അവിടെ ഉണ്ടായിരുന്നു. ഇതുപോലെ കാവേരിയിലുള്ള വലിയ അണക്കെട്ട് (grant anaikkattu) പോലുള്ള വികേന്ദ്രീകൃത രീതിയിലുള്ള ജലവിഭവ ഭരണത്തിന്റെ വലിയ പാരമ്പര്യം അവിടെയുണ്ട്. ഇവയിൽ പലതും കേന്ദ്രീകൃത വ്യവസ്ഥകൾ വന്നപ്പോൾ ദുർബലമായി. ഏരികളിൽ ചേടി അടിഞ്ഞുകൂടി ജലസംഭരണ ശേഷി കുറഞ്ഞിട്ടുണ്ട്. അവയുടെ ബണ്ടുകൾ തുറന്നു പോകും വിധം ദുർബ്ബലമായിട്ടുമുണ്ട്.

ചെന്നൈ നഗരം പൂർണ്ണമായും രണ്ടര നൂറ്റാണ്ടിനിടെ രൂപംകൊണ്ട ഒരു ജനവാസമേഖലയാണ്. ഇപ്പോൾ തമിഴ്നാട് നിയമസഭ സ്ഥിതിചെയ്യുന്ന പഴയ സെന്റ് ജോർജ് കോട്ട ബ്രിട്ടീഷുകാർ ഇന്ത്യയിൽ സ്ഥാപിച്ച ആദ്യത്തെ കോട്ടയാണ്. ചന്ദ്രഗിരി ആസ്ഥാനമായി ഭരണം നടത്തിയ വിജയനഗര രാജാവ് ചെന്നപ്പ നായഗരിൽനിന്ന് തുറമുഖത്തിനും കോട്ടയ്ക്കുമായി വാങ്ങിയ തീരഭൂമിയിലാണ് ബ്രിട്ടീഷുകാർ സെന്റ് ജോർജ് കോട്ട നിർമിച്ചത്. അതിനു ചുറ്റുമാണ് നഗരം വളർന്നത്. ഈ ചെന്നപ്പ നായഗരുടെ പേരിൽനിന്നാണ് ചെന്നൈ എന്ന പേരൊക്കെ പിന്നെ തിരിച്ചുവരുന്നത്.

ചെന്നൈ ഉൾക്കൊള്ളുന്ന ഇന്ത്യയുടെ കിഴക്കൻ തീരം, കോറമാൻഡൽ തീരം, വളരെ പ്രതികൂല കാലാവസ്ഥയുള്ള മേഖലയായി പണ്ടേ തിരിച്ചറിഞ്ഞിട്ടുള്ളതാണ്. വലിയ നാവികരും കപ്പലോട്ടിയ ആൾക്കാരുമൊക്കെ ആയിട്ടും തമിഴ്നാട്ടിലെ രാജവംശങ്ങൾക്കൊന്നും തീരമേഖലയിൽ കാര്യമായ അധിവാസമേഖലകൾ (humen settlements) ഉണ്ടായിട്ടില്ല. അതിനു കാരണം, ചാക്രികമായി സംഭവിക്കുന്ന പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാൻ ഈ തീരപ്രദേശങ്ങൾക്കുള്ള പ്രശ്നങ്ങൾ ആണെന്നാണ് കരുതുന്നത്. ഇതിന് അപവാദം ഒരുപക്ഷെ തൂത്തുക്കുടി തീരമാണ്. അതുമാത്രമാണ് ആ മേഖലയിലെ ദീർഘപാരമ്പര്യമുള്ള ഒരേയൊരു തുറമുഖ പ്രദേശം. ശ്രീലങ്കൻ ആർ



ക്കിപെലാഗോയുടെയും കന്യാകുമാരി മുനമ്പിന്റെയും ഇടയിൽ, സുരക്ഷിതമായ ഒരിടമാണ് തൂത്തുക്കുടി തീരം. അതുകൊണ്ടായിരിക്കാം വലിയ നാശനഷ്ടം കൂടാതെ തൂത്തുക്കുടി എല്ലാ കാലത്തും നിലനിന്നിട്ടുള്ളത്. അവിടെത്തന്നെ ടൗൺഷിപ്പ് വളരെ ഉള്ളിലേക്കാണുതാനും. വിശാഖപട്ടണം അടക്കമുള്ള കിഴക്കൻ തീരം മുഴുവൻ നോക്കുകയാണെങ്കിൽ, അവിടെയൊന്നും നമുക്ക് ദീർഘകാല ജനവാസത്തിന്റെ കഥ പറയാനാവില്ല. ഉള്ളവയ്ക്ക് തന്നെ നാശത്തിന്റെ ചരിത്രമാണ് പറയാനുള്ളത്. ഉദാഹരണത്തിന് മഹാബലിപുരം, അല്ലെങ്കിൽ മുങ്ങിപ്പോയെന്ന് നാം വിശ്വസിക്കുന്ന കാവേരി കടലിലേക്കു ചേരുന്ന ഭാഗത്തുണ്ടായിരുന്ന കാവേരി പൂം പട്ടണം. പറഞ്ഞുവരുന്നത്, തമിഴ്നാട്, ആന്ധ്ര തീരമേഖല, കാലാവസ്ഥയുടെ ഈ ചാക്രികത പരിഗണിച്ചാൽ, ദീർഘകാല ജനവാസം സാധ്യമല്ലാത്ത വിധം വൻ പ്രകൃതിദുരന്തങ്ങൾ ഉണ്ടായ സ്ഥലം തന്നെയാണ് എന്നാണ്.

വെള്ളം ഒഴുകിപ്പോവാനുള്ള ഇടം കുറയുന്നതു മാത്രമല്ല ചെന്നൈ ദുരന്തത്തിനു കാരണം. പരിധികളില്ലാത്ത, നിയന്ത്രണങ്ങളില്ലാത്ത നഗരവികസനത്തിലും അതിൽ പങ്കുണ്ട്. ചെന്നൈയിലേക്ക് കുടിവെള്ളം വരുന്നത് പുറത്തുനിന്നാണ്. ആന്ധ്രാ പ്രദേശിൽനിന്നും തമിഴ്നാടിന്റെ മറ്റു ഭാഗങ്ങളിൽനിന്നുമുള്ള വെള്ളമാണ് അവിടെ കിട്ടുന്നത്. പാലാർ ജലസേചന വ്യവസ്ഥയിലെ ചെറു അണകളിൽനിന്നും ഏരികളിൽ നിന്നുമുള്ള വെള്ളമാണ് ചെന്നൈയുടെ ജല സ്രോതസ്സുകൾ. ചെന്നൈയിലെ ചെറിയൊരു നദിയായിരുന്നു കൂവം. അതുപോലെ അഡയാർ. ഇതു മുഴുവൻ കയ്യേറ്റത്തിന് വിധേയമായി. അനധികൃതമായ നിർമാണങ്ങളുണ്ടായി. വെള്ളം ഒഴുകിപ്പോവാനുള്ള വഴികൾ കൈയ്യേറിക്കൊണ്ടായിരുന്നു ഇവ. അതായത്, ചെന്നൈ നഗരം വികസിച്ചത് തണ്ണീർത്തടങ്ങളിലേക്കാണ്. വെള്ളം കെട്ടിക്കിടക്കുന്ന ഈ തണ്ണീർത്തടങ്ങളെ 'ഫ്ളഡ് പ്ലെയിൻസ്' എന്നാണ് പറയുക. ഒരു മിന്നൽ പ്രളയം ഉണ്ടാവുന്ന സമയത്ത് വെള്ളം ശേഖരിച്ച് ബഫർ ചെയ്യുന്ന സ്ഥലമാണത്. എന്നാൽ, ഭൂമിവില കൂടുന്നതിന്റെയും ആൾത്തിരക്ക് കൂടുന്നതിന്റെയും റിയൽ എസ്റ്റേറ്റുകാരുടെ വഴി വിട്ട നികത്തലിന്റെയുമൊക്കെ ഫലമായി ഇവ ചെന്നൈയിൽ ഇല്ലാതായി കഴിഞ്ഞിരിക്കുന്നു. പ്രളയ ദുരന്തം ഇത്രമാത്രം രൂക്ഷമയാതിന് പിന്നിലുള്ള പ്രധാന കാരണം ഇതാണ്. ഇങ്ങനെ സമീപകാലത്ത് തണ്ണീർത്തടങ്ങളിലേക്ക് ചെന്നൈ വികസിച്ചതിന്റെ വസ്തുതാപരമായ വിശദാംശങ്ങൾ പലരും നൽകിയിട്ടുണ്ട്. മഴവെള്ളത്തെ മാനേജ് ചെയ്യാനുള്ള കഴിവ് ചെന്നൈയുടെ ഭൂപ്രദേശത്തിന് പൂർണ്ണമായും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. മനുഷ്യന്റെ ഇടപെടൽ കൊണ്ടാണിത് സംഭവിച്ചത്. ഇത്ര സങ്കീർണ്ണമായ സാഹചര്യം ഉണ്ടാവാനുള്ള കാരണമതാണ്. കാലികമായിട്ടോ ചാക്രികമായിട്ടോ ഉണ്ടാകാവുന്ന വലിയ മഴയെന്ന പ്രതിഭാസത്തെ

വെള്ളം കെട്ടിക്കിടക്കുന്ന ഈ തണ്ണീർത്തടങ്ങളെ 'ഫ്ളഡ് പ്ലെയിൻസ്' എന്നാണ് പറയുക. ഒരു മിന്നൽ പ്രളയം ഉണ്ടാവുന്ന സമയത്ത് വെള്ളം ശേഖരിച്ച് ബഫർ ചെയ്യുന്ന സ്ഥലമാണത്. എന്നാൽ, ഭൂമിവില കൂടുന്നതിന്റെയും ആൾത്തിരക്ക് കൂടുന്നതിന്റെയും റിയൽ എസ്റ്റേറ്റുകാരുടെ വഴിവിട്ട നികത്തലിന്റെയുമൊക്കെ ഫലമായി ഇവ ചെന്നൈയിൽ ഇല്ലാതായി കഴിഞ്ഞിരിക്കുന്നു.

ഉൾക്കൊള്ളാനുള്ള യാതൊരു വ്യവസ്ഥയും ഇവിടത്തെ നഗരാസൂത്രണ പ്രക്രിയയിൽ ഉണ്ടായിട്ടില്ല.

ദുരന്തങ്ങളുണ്ടാകുമ്പോൾ മാത്രമാണ് നിർണായക കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുക എന്നതാണ് നമ്മുടെ ആസൂത്രണ പദ്ധതിയുടെ ഏറ്റവും വലിയ കുഴപ്പം. ദുരന്തത്തിന്റെ പാരിസ്ഥിതികമായ വശം ചാനൽ ചർച്ചകൾക്ക് വിഷയമാവും, അതിലും വേഗം മറന്നുകളയുകയും ചെയ്യും. വെള്ളത്തിന്റെ ഒഴുക്കുമുറിഞ്ഞതും തണ്ണീർത്തടങ്ങൾ നികത്തപ്പെട്ടതും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പാരിസ്ഥിതികമായ തലത്തിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുക എന്നത് നിത്യജീവിതത്തിലെ ഒരു സംഗതിയായി ഇനിയും കണക്കാക്കപ്പെട്ടിട്ടില്ല. ക്രൈസിസ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുക, അതിനു ശേഷം മറന്നു കളയുക എന്നതു തന്നെയാണ് അടിസ്ഥാനപരമായ പ്രശ്നം. ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാനശിലയായി ഇക്കാര്യങ്ങൾ പരിഗണിക്കപ്പെടുക എന്നതു മാത്രമാണ് ഇതിനുള്ള പോംവഴി. അടിമുടി അഴിമതിയിൽ കുളിച്ചുനിൽക്കുന്ന ഭരണവ്യവസ്ഥ നിലനിൽക്കുന്ന ചെന്നൈയുടെ കാര്യത്തിൽ ഇതെത്ര എളുപ്പമായിരിക്കും എന്ന് പറയാനാവില്ല. അതിവേഗം 'വികസിക്കുന്ന', ഇത്രയധികം ചേരിപ്രദേശങ്ങളുള്ള ഒരു സ്ഥലത്ത് ഇത്തരം ആസൂത്രണ പ്രക്രിയകൾ എങ്ങനെയാണ് നടപ്പാക്കുക എന്നത് വലിയ വെല്ലുവിളി തന്നെയാണ്. രാഷ്ട്രീയമായ ഒരു ഇച്ഛാശക്തി പ്രവർത്തിച്ചാൽ മാത്രമേ അതു നടക്കൂ. അതൊരുപക്ഷേ, തമിഴന്റെ അഭിമാനത്തിന് മുകളിൽ ഉപജീവിക്കുന്ന ഒരു രാഷ്ട്രീയ നേതൃത്വത്തിന്റെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും കൊണ്ട് നടന്നേക്കാം. അത് കാത്തിരുന്ന് തന്നെ കാണേണ്ടതാണ്.

എങ്കിലും ഒറ്റയടിക്ക് ആസൂത്രണത്തിൽ ഇതെല്ലാം കൊണ്ടു വരിക എന്നത് എളുപ്പമല്ല. നഗരാസൂത്രണ പ്രക്രിയയുടെ ഭാഗമായി സാറ്റലൈറ്റ് ടൗൺഷിപ്പുകളൊക്കെ ചെന്നൈയിൽ നടപ്പിലാക്കുന്നുണ്ട്. എന്നാൽ അതിനെയൊന്നും ഒരു പാരിസ്ഥിതിക കാഴ്ചപ്പാടിലൂടെയല്ല അവർ സമീപിക്കുന്നത്. ഗ്രാമങ്ങളുടെ വിഭവസമൃദ്ധി ഉപയോഗിച്ചാണ് ചെന്നൈ പോലുള്ള നഗരങ്ങൾ നിലനിർത്തപ്പെടുന്നത്. ഊർജ്ജമാവട്ടെ, പച്ചക്കറികളോ ഭക്ഷ്യവസ്തുക്കളോ ആവട്ടെ, അങ്ങനെയാണ് സംഭവിക്കുന്നത്. നെയ്‌വേലിയിൽ ജലനിരപ്പിനു താഴെയാണ് ലിഗ്നൈറ്റ് ഡിപ്പോസിറ്റ്. അതിനാൽ, ധാരാളം ഭൂഗർഭജലം പമ്പ് ചെയ്താൽ മാത്രമാണ് ലിഗ്നൈറ്റ് ഖനനം ചെയ്ത് എടുക്കാൻ കഴിയുകയുള്ളൂ. അങ്ങനെ പമ്പ് ചെയ്യുന്ന ഭൂഗർഭ ജലം ചെന്നൈ നഗരത്തിൽ എത്തിക്കുന്നതിനായി തീവണ്ടികൾ ഓടിയിരുന്ന ഒരു കാലമുണ്ട്. ചുറ്റുമുള്ള ഗ്രാമങ്ങളിൽനിന്ന് വിഭവങ്ങൾ പമ്പ് ചെയ്ത് കൃതിമമായി സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യവാസ ഇടത്തെയാണ് നമ്മൾ നഗരമായി നിലനിർത്തുന്നത്.

## നിറം മാറുന്ന നഗരങ്ങൾ

പരിഗണിക്കേണ്ട മറ്റൊരുകാര്യം നഗരങ്ങളുടെ മാറുന്ന സ്വഭാവമാണ്. നഗരവികസനത്തിന്റ മാറുന്ന മുഖം, അതിന്റെ സാമൂഹിക രാഷ്ട്രീയ തലങ്ങൾ നമ്മുടെ ആസൂത്രണ പ്രക്രിയകളിൽ ഇനിയും ഗൗരവമായി പരിഗണിക്കപ്പെട്ടിട്ടില്ല. അതിനനുസരിച്ചുള്ള പുത്തൻ ആസൂത്രണ രീതികൾ ഉണ്ടാവുന്നുമില്ല. മുമ്പ് നഗരങ്ങൾ ഉൽപ്പാദന കേന്ദ്രങ്ങൾ ആയിരുന്നു. വാണിജ്യം നടക്കുന്നു എന്നത് ശരിയാണ്. എങ്കിലും അതിന്റെ സ്വഭാവം ഉൽപ്പാദനത്തിന്റേതായിരുന്നു. അസംസ്കൃത വിഭവങ്ങൾ കൊണ്ടുവന്ന്, അവ ഉപയോഗിച്ച് ഉൽപ്പാദനം നടത്തുന്ന കേന്ദ്രങ്ങളുടെ, ഫാക്ടറികളുടെ ഇടം. എന്നാൽ, ഇപ്പോൾ നഗരങ്ങളുടെ സ്വഭാവം മാറുകയാണ്. നിയോലിബറൽ കാലത്ത് ഉൽപ്പാദന പ്രവർത്തനങ്ങൾ മുഴുവനായി സ്പെഷ്യൽ ഇക്കണോമിക് സോൺ എന്നൊക്കെ പറയുന്ന പ്രത്യേക ഇടങ്ങളിലേക്ക് മാറ്റപ്പെടുകയാണ്. നഗരം കച്ചവടത്തിന് മാത്രമുള്ള സ്ഥലമാവുന്നു. സ്റ്റോക്ക് എക്സ്ചേഞ്ചുകൾ, ഔട്ട്സോഴ്സിംഗ്, സോഫ്റ്റ്‌വേർ വ്യവസായ ഹബുകൾ, വലിയ മാളുകൾ ഇങ്ങനെയൊക്കെയുള്ള വാണിജ്യ കേന്ദ്രങ്ങൾ മാത്രം.

ഇത്തരത്തിൽ നഗരങ്ങളുടെ ധർമ്മങ്ങൾ വളരെ കാര്യമായി മാറുന്നുണ്ട്. ഇതിന്റെയെല്ലാം ഉൾക്കാഴ്ചകളിൽ നഗരാസൂത്രണ പ്രക്രിയയെ പുനർനിർവ്വചിക്കേണ്ടിയിരിക്കുന്നു. പാരിസ്ഥിതികമായ വശങ്ങളും ഇതോടൊപ്പം പരിഗണിക്കേണ്ടിയിരിക്കുന്നു. ചെന്നൈ ഇപ്പോൾ ഇന്റർനാഷനൽ മാർക്കിംഗ് നെറ്റ്‌വർക്കിലെ ഒരു ഹബ് ആയാണ് നിൽക്കുന്നത്, ഉൽപ്പാദന കേന്ദ്രങ്ങളുടെ ഇടമായിട്ടല്ല. ഈ മാറ്റമൊന്നും നഗരവികസനവുമായോ ആസൂത്രണവുമായോ ബന്ധപ്പെട്ട് നമ്മുടെ ചിന്തകളിലൊന്നും വരുന്നേയില്ല.

## കേരളത്തിന്റെ സ്ഥിതിയെന്ത്?

കേരളത്തിലെ നഗരാസൂത്രണത്തിന്റെ അവസ്ഥപരിഗണിക്കുകയാണെങ്കിൽ, ഫ്ളാറ്റ് നിർമാണത്തിലെ ഫയർ സുരക്ഷയുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഒരു സൂചനയാണ്. പല സുരക്ഷാ നിബന്ധനകളും ഇളവ് ചെയ്തു കൊടുക്കാനാണ് ബന്ധപ്പെട്ടവർക്ക് താൽപ്പര്യം. ഫ്ളാറ്റ് ഉണ്ടാക്കി കഴിഞ്ഞാൽ, വെള്ളം

വിതരണം ചെയ്യേണ്ട ചുമതല കോർപറേഷനും വാട്ടർ അതോറിറ്റിക്കുമാണ്. ഈ കച്ചവടത്തിൽ ലാഭം ഉണ്ടാക്കുന്ന ഘടകമായ ഫ്ളാറ്റ് നിർമിക്കുന്ന കമ്പനിക്കൊന്നും ഇക്കാര്യങ്ങളിൽ ഒരു റോളുമില്ല. മാലിന്യ നിർമാർജനത്തിലും ആസൂത്രണം കാര്യമായൊന്നും ഇല്ല എന്നുതന്നെ പറയാം. ഇത്തരം കാര്യങ്ങളിൽ ടൗൺ ആന്റ് കൺട്രി പ്ലാനിംഗിലൊക്കെയുള്ള വ്യവസ്ഥകളും പാലിക്കപ്പെടാറില്ല. തൃശൂർ നഗരത്തിന്റെ കാര്യമെടുക്കാം. അത് വികസിക്കുന്നത് വിയ്യൂർ അടക്കമുള്ള കോൾ-തണ്ണീർത്തടങ്ങളിലേക്കാണ്. ഇത് പ്രദേശത്തിന്റെ ജല മാനേജ്മെന്റിനെ കാര്യമായി ബാധിക്കും. തൃശൂർ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലെ ഗാർഹിക മേഖലകളിൽ സ്വർണ്ണം ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായി സയനൈഡ് വിഷമലിനീകരണമടക്കമുള്ള പ്രശ്നങ്ങൾ സജീവമാണ്. ഈ പ്രശ്നങ്ങൾ മുഴുവൻ ഈ പ്രാന്തപ്രദേശങ്ങളിലെ നീർത്തടങ്ങളിലേക്ക് വ്യാപിക്കും. ശോഭാ സിറ്റി പോലുള്ള സ്ഥാപനങ്ങൾ 'വികസിപ്പിക്കുന്നതും' തണ്ണീർത്തടങ്ങൾ മണ്ണിട്ടു നികത്തിയാണ്. ചെന്നൈയിലേത് പോലുള്ള ഒരു ദുരന്തം ഉണ്ടായാൽ, തൃശൂരിൽ എന്തു സംഭവിക്കും എന്ന് ഊഹിച്ചു നോക്കുക.

**കേരളത്തിലെ നഗരാസൂത്രണത്തിന്റെ അവസ്ഥ പരിഗണിക്കുകയാണെങ്കിൽ, ഫ്ളാറ്റ് നിർമാണത്തിലെ ഫയർ സുരക്ഷയുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഒരു സൂചനയാണ്. പല സുരക്ഷാ നിബന്ധനകളും ഇളവ് ചെയ്തു കൊടുക്കാനാണ് ബന്ധപ്പെട്ടവർക്ക് താൽപ്പര്യം. ഫ്ളാറ്റ് ഉണ്ടാക്കി കഴിഞ്ഞാൽ, വെള്ളം വിതരണം ചെയ്യേണ്ട ചുമതല കോർപറേഷനും വാട്ടർ അതോറിറ്റിക്കുമാണ്. ഈ കച്ചവടത്തിൽ ലാഭം ഉണ്ടാക്കുന്ന ഘടകമായ ഫ്ളാറ്റ് നിർമിക്കുന്ന കമ്പനിക്കൊന്നും ഇക്കാര്യങ്ങളിൽ ഒരു റോളുമില്ല.**

**പാഠം ഒന്ന്:**
**ഏജൻസികളുടെ പരാജയം**

പാരിസ്ഥിതികമായ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി നൂറു കണക്കിന് ഏജൻസികൾ നമുക്കുണ്ട്. എന്നാൽ, ഇവയിൽ പലതും അഴിമതിയിൽ മൂടിയവയാണ്. മറ്റു പലതും നിസ്സംഗരാണ്. വേറെ ചിലർ സ്വാധീനങ്ങൾക്ക് വഴങ്ങി പരിസ്ഥിതി ചൂഷണത്തിന് സർട്ടിഫിക്കറ്റ് കൊടുക്കുന്ന സ്ഥാപനങ്ങൾ മാത്രമായി തുടരുന്നു. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ എഴുപതുകൾക്കു ശേഷം ഇത്തരം ഒരുപാട് ഏജൻസികൾ രൂപവൽകരിക്കപ്പെട്ടിട്ടുണ്ട്. മലിനീകരണവുമായി ബന്ധപ്പെട്ട ഏജൻസികൾ, ജൈവവൈവിധ്യം, വനസംരക്ഷണം, തീരസംരക്ഷണം, നീർത്തടസംരക്ഷണം എന്നിങ്ങനെ അനേകമനേകം കാര്യങ്ങൾക്കായുള്ള ഏജൻസികൾ. പൊല്യൂഷൻ ആക്ടിന്റെ കീഴിൽ രൂപം കൊണ്ട മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യംമാത്രം പരിഗണിച്ചാൽ ഇത്തരം സംവിധാനങ്ങൾ പിഴയ്ക്കുന്നതിന് കാരണം കണ്ടെത്താൻ കഴിയും. അഴിമതി പ്രശ്നം രൂക്ഷമാണെന്ന് നിയമസഭാ കമ്മറ്റി പോലും നിരീക്ഷിച്ചിട്ടുള്ള സർക്കാർ ഏജൻസിയാണ് അത്. മിക്കവാറും സ്ഥലങ്ങളിൽ ജനപക്ഷത്തല്ല ബോർഡിന്റെ നിലപാട്. മൈനിംഗ് ആന്റ് ജിയോജി വകുപ്പിന്റെ കാര്യം കൂടുതൽ വിശദീകരിക്കേണ്ടതില്ല. കേരളത്തിൽ എത്ര ക്വാറികൾ ഉണ്ടെന്ന കണക്കുപോലും അവരുടെ കൈവശമില്ല. ഇങ്ങനെ നൂറുകൂട്ടം ഏജൻസികൾ നമുക്കുണ്ട്. പാരിസ്ഥിതിക വശങ്ങൾ മാനിച്ച് ഗവേണൻസ് നടത്താൻ നിയാഗിക്കപ്പെട്ട ഏജൻസികളാണ് ഇവ. എന്നാൽ, ഈ ഏജൻസികളുടെയല്ലാം പ്രവർത്തനം ആശങ്കാജനകമായ രീതിയിൽ അഴിമതി നിറഞ്ഞതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ തടയാൻ സൃഷ്ടിക്കപ്പെട്ട ഈ ഏജൻസികൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തിടത്തോളം ചെന്നൈ പോലുള്ള ഒരു ദുരന്തം സംഭവിച്ചാൽ, പ്രത്യാഘാതം ഭീകരമായിരിക്കും.

**പാഠം രണ്ട്:**
**അവഗണിക്കപ്പെടുന്ന പരിസ്ഥിതി**

മറ്റൊന്ന്, സ്റ്റേറ്റും, ജനങ്ങളും ഏജൻസികളും പുലർത്തുന്ന ഇരട്ടത്താപ്പുകളാണ്. പാരിസ്ഥിതികമായ പ്രശ്നങ്ങൾ മനസ്സിലാക്കാനും അംഗീകരിക്കാനും പരിഹാരമാർഗങ്ങൾ തേടാനും ഇടപെടേണ്ട ഭരണകൂടവും ബ്യൂറോക്രസിയും ഇവയ്ക്ക് നേരെ കണ്ണടക്കുകയാണ്. ദുരന്തം വരുമ്പോൾ ഇതൊക്കെ ചർച്ച ചെയ്യുക എന്നതല്ലാതെ, മേൽപ്പറഞ്ഞ ഏജൻസികളുടെയൊക്കെ പ്രവർത്തനം നേർ വഴിക്കാക്കാനോ വലിയ ദുരന്തങ്ങൾക്ക് വഴിവെക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനോ ആസൂത്രണ പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക വശം ഗൗരവമായി കണക്കാക്കാനോ ഉള്ള ഒരു പ്രവർത്തനവും ഇവിടെ നടക്കുന്നില്ല. ഈയടുത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന ലേഖനത്തിൽ എറണാകുളം ഏലൂർ ഭാഗത്തെ മലിനീകരണവുമായി ബന്ധപ്പെട്ട് സുപ്രധാനമായ വിവരങ്ങൾ നൽകിയിട്ടുണ്ട്. ഇവിടത്തെ മത്സ്യസമ്പത്തിൽ




പരിസ്ഥിതി പരിഗണിക്കാത്ത ചെന്നൈ നഗരത്തിന്റെ ആസൂത്രണപ്പിഴവുകൾ തുറന്നുകാണിക്കുന്ന ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് സയൻസിലെ സെന്റർ ഫോർ ഇക്കോളജിക്കൽ സയൻസസിന്റെ പഠന വിവരങ്ങൾ. *കടപ്പാട്: ദ ഹിന്ദു*

കാഡ്മിയത്തിന്റെയും ഖനലോഹങ്ങളുടെയും അളവ് വളരെ അധികം വർദ്ധിച്ചിട്ടുണ്ട് എന്നാണ് ആ ലേഖനം വ്യക്തമാക്കിയത്. ജപ്പാനിൽ 'ഇത്തായി ഇത്തായി' രോഗം പടരാൻ ഇടയാക്കിയതോ അതിൽ കൂടുതലോ ആയ അളവിൽ പെരിയാറിലെ ജീവജാലങ്ങളിൽ കാഡ്മിയം, ഖനലോഹ നിക്ഷേപമുണ്ടെന്ന് അത് വ്യക്തമാക്കുന്നു. എന്നാൽ, ആ വിവരങ്ങൾ ഭാരണാധികാരികളോ, രാഷ്ട്രീയ നേതാക്കളോ, ജുഡീഷ്യറിയോ പരിഗണിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. ഇത്തരം കണ്ടെത്തലുകളൊന്നും നമ്മെ ബാധിക്കുന്നേയില്ല. എൻഡോസൾഫാൻ വിഷയത്തിൽ ഇപ്പോഴും സ്റ്റേറ്റ് പുലർത്തുന്ന നയം നോക്കുക. അത് അംഗീകരിക്കാൻ ഇപ്പോഴും വിമുഖത കാണിക്കുകയാണ് സ്റ്റേറ്റ്. അംഗീകരിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്നാൽ, മാത്രമേ പരിഹാര മാർഗങ്ങൾ ആലോചിക്കാൻ കഴിയൂ. സ്റ്റേറ്റ് ഇപ്പോഴും അതിന് തയ്യാറല്ല. അത് ഒരു സൂചനയാണ്. പാരിസ്ഥിതിക ദുരന്തങ്ങൾ നമ്മുടെ മുന്നിലുണ്ടായിട്ടും അതിനെ അംഗീകരിക്കാൻ കേരള സമൂഹമോ നാം തെരഞ്ഞെടുക്കുന്ന ഭരണാധികാരികളോ തയ്യാറാവുന്നില്ല. വളരെ നിസ്സംഗമായും അലക്ഷ്യവുമായാണ് ഇത്തരം സംഭവങ്ങളെ സ്റ്റേറ്റ് കൈകാര്യം ചെയ്യുന്നതെങ്കിൽ എങ്ങനെയാണ് ഇത്തരം പ്രശ്നങ്ങളെ നമുക്ക് മറികടക്കാൻ കഴിയുക? ഇത് സുപ്രധാനമായ കാര്യമാണ്. ഇരട്ടത്താപ്പുകൾ കൊണ്ട് ഇത്തരം വിഷയങ്ങളിൽ നമുക്കൊരു കാര്യവും ചെയ്യാൻ കഴിയില്ല. നിലവിലെ രാഷ്ട്രീയ, ബ്യൂറോക്രാറ്റിക് അവസ്ഥകൾ വെച്ച് കേരളത്തിന് ഇത്തരം കാര്യങ്ങളിൽ ഇച്ഛാശക്തിയോടെ മുന്നോട്ടുപോവാൻ കഴിയുമോ എന്ന് സംശയമാണ്.

### ജലജന്യ രോഗങ്ങൾ പെരുകും

ഒരു സമൂഹമെന്ന നിലയിൽ കേരളത്തിൽ ഇത്തരത്തിൽ നാം അഭിമുഖീകരിക്കാൻ പോവുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് ജലജന്യ രോഗങ്ങളുടെ വർദ്ധനവായിരിക്കും. വെള്ളത്തിൽനിന്നുണ്ടാവുന്ന, വെള്ളക്കെട്ടിലൂടെ

ഉണ്ടാകുന്ന പകർച്ച വ്യാധികൾ, പനികൾ, കൊതുകിലൂടെയും മറ്റ് ജീവജാലങ്ങളിലൂടെയും ഉണ്ടാകുന്ന പകരുന്ന രോഗങ്ങൾ. അവ വർദ്ധിക്കുകയാണ്. കമ്യൂണിറ്റി മെഡിസിന്റെയും എപിഡമിയോളജിയുടെയും കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ഇത്തരം സാദ്ധ്യതകൾ കേരളത്തിൽ വർദ്ധിക്കുകയാണ്. നമ്മുടെ ഭൂഗർഭ ജലം മലിനീകരണത്തിന് വിധേയമാകാൻ അസാധാരണമാം സാധ്യതയുള്ളതാണ്. വെള്ളം സ്വതന്ത്രമായി ഒഴുകാത്തതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ തന്നെയാണ് ഇതിന് വഴിവെക്കുന്നത്. കാലാവസ്ഥാ മാറ്റത്തിന്റെ പശ്ചാത്തലം കൂടി വരുമ്പോൾ ഈ പ്രശ്നം കൂടുതൽ അപകടം വിതയ്ക്കും. ഇന്ന് കേരളത്തിലെ പൊതു ഉടമസ്ഥതയിലുള്ള എല്ലാ ചെറുകിട ജല സ്രോതസ്സുകളും മലിനീകരിക്കപ്പെട്ടിരിക്കുന്നു. മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഒരു പൊതു സംവിധാനത്തിനും മലിനീകരണം കൈകാര്യം ചെയ്യാനോ മാലിന്യങ്ങൾ കുറയ്ക്കാനോ കാര്യക്ഷമമായി ഇടപെടാൻ കഴിയുമെന്ന് തെളിയിച്ചിട്ടില്ല. കേരളത്തിൽ വളരെ സാവധാനം, ആരാലും ശ്രദ്ധിക്കപ്പെടാതെ സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ ദുരന്തം തന്നെയാണിത്.

**ഷട്ടറുകൾ പ്രവർത്തിക്കുമോ?**

മൈനർ ഇറിഗേഷൻ ഡിപ്പാർട്മെന്റ് പല കാലങ്ങളായി തീരപ്രദേശങ്ങളിൽ ചെറിയ അണകൾ ഉണ്ടാക്കിയിട്ടുണ്ട്. 60കളിലും 70കളിലും ഹരിത വിപ്ലവത്തിന്റെ ഭാഗമായിട്ടോ അതിനു ശേഷമോ ആണ് നിരവധി ചെറു അണകൾ പണിതത്. ഇവയിൽ പലതും ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഷട്ടർ തുറക്കാൻ പറ്റാത്തവ, കേടുവന്നവ എന്നിങ്ങനെ. ഓരുവെള്ളം കൃഷി സ്ഥലത്തേക്ക് കയറാതിരിക്കാനും മറ്റുമായി ചെയ്ത മറ്റു പല പദ്ധതികളും ഇതോടൊപ്പമുണ്ട്. ഇവയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന ഒരു സർവ്വേ അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു. അസാധാരണമായ ഒരു അതിവൃഷ്ടിയുടെ ഫലമായി വൻതോതിൽ ജലം നദീമുഖങ്ങളിലും കായലുകളിലും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുമ്പോൾ ഈ പ്രവർത്തിക്കാത്ത ഷട്ടറുകളുള്ള അണകൾ വലിയ ദുരന്തങ്ങൾക്ക് കാരണമാകാം. ഇവ പലതും ഡീ കമ്മീഷൻ ചെയ്യേണ്ടകാലം അതിക്രമിച്ചവയാണ്. അവയുടെ നിലവിലെ അവസ്ഥ പരിശോധിക്കേണ്ടതുണ്ട്.

കാരണം ചെന്നൈയിലെ പോലെ ഒരു അപകടം ഉണ്ടായാൽ, പ്രളയജലത്തെ ഒഴുക്കാൻ ഇവയ്ക്കു കഴിയുമോ, ഷട്ടർ ഉയർത്താനാവുമോ? അവ തടസ്സമുണ്ടാക്കുമോ ? എന്നീ കാര്യങ്ങളൊന്നും അറിയാൻ ഒരു സംവിധാനവും ഇപ്പോഴില്ല. ഷട്ടർ പൊക്കാൻ പറ്റാത്തതിനെ തുടർന്ന് കണ്ണൂരിലെ ഇരിട്ടി ടൗണിൽ പ്രളയത്തിനു കാരണമായ പഴശ്ശി ഡാമിന്റെ കാര്യം എടുക്കുക. കോടികൾ മുടക്കി നാടുനീളെ കനാലുകൾ കുഴിച്ച്, അവസാനം ജാപ്പനീസ് കുടിവെള്ള പദ്ധതിയായിത്തീർന്ന പഴശ്ശി പദ്ധതി മറ്റൊരു ആപത്തിന് കൂടി അടയിരിക്കുന്നുണ്ട്. മറ്റൊരു സമാന സന്ദർഭത്തിൽ പഴശ്ശി കനാലുകളിൽ കൂടി ഒഴുകിവരാവുന്ന പ്രളയജലത്തിന്റെ രൂപത്തിലാകും അത്. പോരാത്തതിന് പഴശ്ശികനാലുകൾ കുഴിച്ചപ്പോൾ അതിനുകുറുകെ ഒഴുകിയിരുന്ന വലുതും ചെറുതുമായ നിരവധി അരുവികൾ ഇതിനകം ദുർബ്ബലമായ ചോർച്ചയുള്ള കോൺക്രീറ്റ് ജലപ്പാത്തികളിൽ ക്കൂടിയാണ് ഇന്ന് 'കനാലുകൾ' മുറിച്ചു കടക്കുന്നത്. ഇവ തകർന്നാൽ, വഴിമാറിയൊഴുകിയാൽ...ഇനിയെങ്കിലും ഇവയൊക്കെ നമ്മൾ ഗൗരവമായെടുക്കണം. അടിയന്തിരമായി ഇക്കാര്യങ്ങൾ പൊതുചർച്ചകളിൽ വരണം. പ്രശ്നങ്ങൾ വിശകലനം ചെയ്യപ്പെടണം. പരിഹാര മാർഗങ്ങൾ കണ്ടെത്തണം. അവ നടപ്പാക്കാനുള്ള അടിയന്തിര നടപടികൾ വേണം. അതിന് ജനങ്ങളും സർക്കാറും ഏജൻസികളും രാഷ്ട്രീയക്കാരും അക്കാദമിക് സമൂഹവുമെല്ലാം ഒന്നിച്ച് നിൽക്കണം. ■

## പീപ്പിൾസ് ക്ലൈമറ്റ് മാർച്ച് സംഘടിപ്പിച്ചു

'കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനായി ഉഷ്ണമേഖല വനങ്ങളെ സംരക്ഷിക്കുക' എന്ന മുദ്രാവാക്യമുയർത്തി, 2015 നവംബർ 29ന് നടന്ന പീപ്പിൾസ് ക്ലൈമറ്റ് മാർച്ചിൽ ആയിരങ്ങൾ അണിചേർന്നു. നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതിക്കായി അണക്കെട്ട് പണിയാൻ ഉദ്ദേശിക്കുന്ന വാഴച്ചാലിൽ നിന്നും അതിരപ്പിള്ളിയിലേക്കാണ് മാർച്ച് സംഘടിപ്പിച്ചത്. നവംബർ 30ന് പാരീസിൽ ആരംഭിച്ച കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സമ്മേളനത്തിനെത്തുന്ന ലോകനേതാക്കളോട് ആഗോളതാപനം കുറയ്ക്കാൻ നടപടികൾ ആവശ്യപ്പെട്ട് ലോകമെമ്പാടും നവംബർ 29ന് ക്ലൈമറ്റ് മാർച്ച് സംഘടിപ്പിക്കപ്പെട്ടു. അതിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് കേരളത്തിലും ക്ലൈമറ്റ് മാർച്ച് നടന്നത്. ജനകീയ പ്രക്ഷോഭങ്ങളെയും നിയമനടപടികളെയും തുടർന്ന് നിർത്തിവച്ചിരുന്ന അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി വീണ്ടും നടപ്പാക്കാൻ ശ്രമിക്കുന്നതിനെതിരായ ശക്തമായ മുന്നറിയിപ്പുകൂടിയായി ക്ലൈമറ്റ് മാർച്ച്.